പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --7395 17.07.2012- ൽ മറുപടിക്ക്

നോർക്കവകുപ്പിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസികളുടെ ചികിത്സയ്ക്ക് നോർക്കവകുപ്പ് നല്കുന്ന ധനസഹായം അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ; | (എ) പ്രവാസികളുടെ ചികിത്സായ്ക്കായി നോർക്ക വകുപ്പിനു കീഴിൽ സാന്ത്വന/ചെയർമാൻഫണ്ട്, പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നീ പദ്ധതികൾ മുഖാന്തിരം ധനസഹായം അനുവദിച്ചു വരുന്നുണ്ട്. |

**സാന്ത്വനയിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

- അപേക്ഷകൻ കുറഞ്ഞത് 2 വർഷമെങ്കിലും കേരളത്തിന് വെളിയിലോ, വിദേശത്തോ ജോലി ചെയ്തിരിക്കണം.
- പ്രവാസി വിദേശത്ത് ജോലി ചെയ്തിരുന്ന കാലയളവ് അല്ലെങ്കിൽ പത്ത് വർഷം, ഇതിൽ ഏതാണോ കുറവ്, ആ കാലയളവിനകത്ത് അപേക്ഷ സമർപ്പിച്ചിരിക്കണം.
- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 25000/- രൂപയിൽ കൂടാൻ പാടില്ല.
- സാന്ത്വനയിൽ നിന്നും സഹായം ലഭിക്കുന്നതിനായി അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകൻ ജോലി ചെയ്യുന്ന വ്യക്തിയോ ഏതെങ്കിലും മാർഗ്ഗത്തിലൂടെ സഹായം സ്വീകരിക്കുന്നയാളോ ആകരുത്.

**നോർക്ക - റൂട്ട്സ് ചെയർമാൻ ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

- അപേക്ഷകൻ കുറഞ്ഞത് 2 വർഷം വിദേശത്തോ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലോ താമസിച്ച വ്യക്തിയായിരിക്കണം.

- വാർഷിക വരുമാനം 50,000/- രൂപയിൽ കവിയരുത്
- അപേക്ഷകന്റെ ആശ്രിതനും ഈ പദ്ധതിയിൽ ഗുണഭോക്താവാകാം.
- അപേക്ഷകൻ നോർക്ക- റൂട്ട്സിന്റെ സാന്ത്വന പദ്ധതിയിൽ നിന്നും മുൻപ് ധനസഹായം സ്വീകരിച്ച വ്യക്തിയാകരുത്. എന്നാൽ സാന്ത്വന പദ്ധതിയിൽ നിരസിച്ച അപേക്ഷകൾ ഉചിതമെങ്കിൽ ചെയർമാൻഫണ്ട് പദ്ധതിയിൽ പരിഗണിക്കാം.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും അംഗങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഹൃദയം, വൃക്ക, കരൾ, മസ്തിഷ്കം എന്നിവ സംബന്ധമായ രോഗം പിടിപെട്ടവർ, ക്യാൻസർ, തളർവാതം തുടങ്ങിയ രോഗങ്ങൾ പിടിപെട്ടവർ, ഗുരുതരമായ ശസ്ത്രക്രിയക്ക് വിധേയരായി ഒരു മാസമോ അതിലധിക കാലമോ ആശുപത്രിയിൽ കിടക്കേണ്ടിവരുന്നവർ എന്നിവർക്കാണ് ധനസഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളത്. സർക്കാർ ആശുപത്രികൾ, സഹകരണസംഘം ആശുപത്രികൾ കൂടാതെ ബോർഡ് അംഗീകരിച്ചിട്ടുള്ള സ്വകാര്യ/സർക്കാർ നിയന്ത്രിത സ്വയംഭരണ ആശുപത്രികൾ എന്നിവ ധനസഹായത്തിന് അംഗീകരിക്കപ്പെടുന്ന ചികിത്സാ സ്ഥാപനങ്ങളാണ്.

(ബി)പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ ആർക്കാണ് നല്കേണ്ടതെന്നറിയിക്കുമോ?

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനായി നോർക്ക-റൂട്ട്സ് ഹെഡ് ഓഫീസിലോ മേഖല ഓഫീസുകളിലോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ക്ഷേമബോർഡിലെ ധനസഹായത്തിനായി പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സഹിതം ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫിസർക്ക് അഡ്രസ്സ് ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ